ഭരണഭാഷാ മാതൃഭാഷ

നം.എഎച്ച്ഡി./4229/2020/കെ3-

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
ഇമെയിൽ : directorah.ker@nic.in

തീയതി :29/10/2020

## <u>സർക്കുലർ</u>

വിഷയം: മൃഗസംരക്ഷണ വകുപ്പ് - ആശ്രിത നിയമനം /സൂപ്പർന്യൂമററി തസ്തികയിലെ നിയമനം- ജീവനക്കാരുടെ സേവനകാര്യം - സ്പഷ്ടീകരണം/ നിർദ്ദേശം നല്കുന്നത്- സംബന്ധിച്ച്.

സൂചന :
1. മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 07-12-2017 ലെ കെ 3. 03/2016/ജി.കാ./എഎച്ച്ഡി നമ്പർ ഉത്തരവ്
2. ഇടുക്കി ജില്ലാ ആഫീസറുടെ 08/07/2020 ലെ DAHO/IDK/472/2019-B1 നം കത്ത്
3. ആലപ്പുഴ ജില്ലാ ആഫീസറുടെ 04/08/2020 ലെ DAHO/ALP/460/2020-B1 നം കത്ത്

മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം ലഭിച്ച ജീവനക്കാരുടെ സേവനകാര്യം സംബന്ധിച്ച് ചുവടെ പറയുന്ന സ്പഷ്ടീകരണം/നിർദ്ദേശം നൽകുന്നു.

1.വകുപ്പിൽ ആശ്രിതനിയമനം ലഭിക്കുന്നവരുടെ റഗുലറൈസേഷൻ ചെയ്യുന്നത് ഡയറക്ടറും, പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടത് ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിലെ / സ്ഥാപനത്തിലെ നിയമന അധികാരിയുമാണ്.

2.ആശ്രിത നിയമന പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരാവുകയും, ശേഷം റെഗുലർ തസ്തികയിൽ നിയമനം ലഭിച്ചവരുമായവർ ഔദ്യോഗിക രേഖകളിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തുമ്പോൾ റെഗുലർ തസ്തികയിൽ നിയമനം നല്കിയ തീയതിയാണ് രേഖപ്പെടുത്തേണ്ടത്. ആവശ്യമുള്ളപക്ഷം സൂപ്പർന്യൂമററി തസ്തികയിൽ പ്രവേശിച്ച തീയതി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്

3.മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 07-12-2017 ലെ കെ3. 03/2016/ജി.കാ./എ.എച്ച്.ഡി നമ്പർ ഉത്തരവ് പ്രകാരം റെഗുലർ നിയമനം നല്കിയ ജീവനക്കാരുടെ നിയമനം ക്രമപ്പെടുത്തുന്നതിനായി ഇനിയും ഈ ആഫീസിൽ പോലീസ് വെരിഫിക്കേഷൻ (ഒർജിനൽ), സേവനപുസ്തകത്തിന്റെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ഹാജരാക്കാത്ത ജീവനക്കാരുടെ രേഖകൾ നിയമനം

ക്രമപ്പെടുത്തുന്നതിനായി അടിയന്തിരമായി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

Signature Not Verified

Digitally signed by HAZEENA KALLIATH
Date: 2020.10.30 11:18:54 IST
Reason: Approved

SR ADMINISTRATIVE OFFICER.

മൃഗസംരക്ഷണവകുപ്പിലെ എല്ലാ സ്ഥാപനമേധാവികൾക്കും
സി.എ (ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ)
അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ് 1&2, അക്കൗണ്ട്സ് ആഫീസർ.
ഐ.ടി – വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
സ്റ്റോക്ക്ഫയൽ.